ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:19.07.2025**

## പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം നാളെ. സമ്മേളനം തിങ്കളാഴ്ച ആരംഭിക്കും.

2. 2047 ഓടെ വികസിത രാഷ്ട്രമായി മാറാനുള്ള ഇന്ത്യയുടെ യാത്രയിൽ ഓരോ പൗരനും വ്യക്തമായ സംഭാവനകൾ നൽകാനാകുമെന്ന് കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമ്മേന്ദ്ര പ്രധാൻ.

3. കൊല്ലം തേവലക്കരയിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥി മിഥുന്റെ സംസ്കാരം ഇന്ന് വൈകിട്ട്. അന്ത്യാഞ്ജലി അർപ്പിച്ച് ആയിരങ്ങൾ.

4. സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. ഇന്ന് അഞ്ചു ജില്ലകളിൽ ചുവപ്പ് ജാഗ്രത; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

5. ഇന്ത്യ - ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് ലോർഡ്സിൽ.

****************************************

PNU TVPM

## പാർലമെന്റ് - വർഷകാല സമ്മേളനം

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം നാളെ. പാർലമെന്റിന്റെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടാനാണ് യോഗം വിളിച്ചത്. തിങ്കളാഴ്ച ആരംഭിക്കുന്ന സമ്മേളനം അടുത്ത മാസം 21 വരെ നീളും. വർഷകാലസമ്മേളനത്തിൽ നിരവധി സുപ്രധാന നിയമനിർമാണങ്ങളും ചർച്ചകളും നടക്കും.

***************************

## ധർമേന്ദ്ര പ്രധാൻ (ഇൻട്രോ)

RNU TVPM

2047 ഓടെ വികസിത രാഷ്ട്രമായി മാറാനുള്ള ഇന്ത്യയുടെ യാത്രയിൽ ഓരോ പൗരനും വ്യക്തമായ സംഭാവനകൾ നൽകാനാകുമെന്ന് കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻ. ലോകോത്തരനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ രാജ്യത്തുണ്ടാകണമെങ്കിൽ യുവാക്കൾ നേതൃനിരയിലെത്തണമെന്നും അദ്ദേഹം പറഞ്ഞു. പാലക്കാട് ഐഐടിയുടെ ഏഴാമത് ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്.....)

യുവശക്തിയിലാണ് രാജ്യം പ്രതീക്ഷയർപ്പിച്ചിരിക്കുന്നതെന്നും എല്ലാവരെയും ഉൾച്ചേർത്തുള്ള ഡിജിറ്റൽ അടിസ്ഥാന സൗകര്യ വികസനത്തിനായാണ് സർക്കാർ പ്രവർത്തിക്കുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു. 328 പേർ ബിരുദ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി. അക്കാദമിക തലത്തിൽ മികവുപുലർത്തിയ വിദ്യാർഥികൾക്കുള്ള പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു.

**************************

## ഉജ്ജ്വല ബാല്യം

വ്യത്യസ്ത മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ഉജ്ജ്വല ബാല്യം പുരസ്കാരങ്ങൾ മന്ത്രി വീണാ ജോർജ് വിതരണം ചെയ്തു. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ചൈൽഡ് ഹെൽപ് ലൈൻ റീബ്രാന്റിംഗ് സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. കല, കായികം, ശാസ്ത്രം, മാലിന്യ സംസ്കരണം, ധീരത തുടങ്ങിയ മേഖലകളിൽ മികവ് തെളിയിച്ച കുട്ടികളെയാണ് പുരസ്കാരത്തിന് പരിഗണിച്ചത്.

**************************

## തേവലക്കര - മിഥുൻ

RMU TVPM

കൊല്ലം തേവലക്കരയിൽ സ്കൂളിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥി മിഥുന്റെ സംസ്കാരം ഇന്ന് വൈകിട്ട് നടക്കും. മിഥുന്റെ അമ്മ സുജ ഇന്ന് രാവിലെ കൊച്ചിയിൽ എത്തി. തേവലക്കര സ്കൂളിൽ പൊതു ദർശനത്തിനു വച്ച മൃതദേഹത്തിൽ നിരവധി പേർ അന്ത്യാഞ്ജലി അർപ്പിച്ചു.

**************************

## വി ഡി സതീശൻ

കൊല്ലത്ത് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിൽ വിദ്യാലയങ്ങളുടെ സുരക്ഷാ സ്ഥിതി അറിയുന്നതിനായി സുരക്ഷാ ഓഡിറ്റിംഗിന് കോൺഗ്രസ്സിസ് തുടക്കം കുറിക്കുന്നതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. 30 ചോദ്യങ്ങളുള്ള ഒരു മാതൃക രൂപം തയ്യാറാക്കി

വിവരങ്ങൾ ശേഖരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറവൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

***************************

**കുടുംബശ്രീ - ഫിഫ്റ്റി പ്ലസ് (ഇൻട്രോ)**

കുടുംബശ്രീയെ കൂടുതൽ സജീവമാക്കുന്നതിനായി ആരംഭിച്ച ഫിഫ്റ്റി പ്ലസ് ക്യാമ്പയിൻ ശ്രദ്ധേയമാകുന്നു. ഇതിന്റെ ഭാഗമായി കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷന്റെയും എ ഡി എസുകളുടെയും നേതൃത്വത്തിൽ അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ. ശശിധരൻ....**

**(വോയിസ്)**

***************************

**കുടുംബശ്രീ - ജന ഗൽസ**

തദ്ദേശീയ മേഖലയിൽ നിലവിലുള്ളതും അന്യം നിന്നു പോകുന്നതുമായ പാരമ്പര്യ കലകൾക്ക് പുതുജീവൻ നൽകാൻ "ജന ഗൽസ' പദ്ധതിയുമായി കുടുംബശ്രീ. തനതായ കലാരൂപങ്ങളിൽ നിന്നും വരുമാനദായക സംരംഭ രൂപീകരണമാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. നിലവിൽ കുടുംബശ്രീ നടപ്പാക്കുന്ന ട്രൈബൽ പദ്ധതിക്ക് കീഴിലെ അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും ഇതിനായി കണ്ടെത്തും.

***************************

**ജൻ സുരക്ഷാ - കണ്ണൂർ**

RNU TVPM

കേന്ദ്ര സർക്കാരിന്റെ വിവിധ ജൻ സുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണവും അംഗങ്ങളെ ചേർക്കുന്നതിനുള്ള ക്യാമ്പുകളും കണ്ണൂർ ജില്ലയിൽ പുരോഗമിക്കുന്നു. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ സാമ്പത്തിക ഉൾച്ചേർക്കൽ പൂർത്തീകരണ പദ്ധതിയുടെ ഭാഗമായാണ് ക്യാമ്പയ്ൻ. ജൻധൻ യോജന, പ്രധാൻമന്ത്രി ജീവൻ ജ്യോതി ബീമ യോജന, സുരക്ഷാ യോജന, അടൽ പെൻഷൻ യോജന തുടങ്ങിയ പദ്ധതികളെക്കുറിച്ച് വിദഗ്ധർ വിശദീകരിക്കും. സെപ്റ്റംബർ 30 വരെയാണ് പരിപാടി.

***************************

## കാട്ടാന ആക്രമണം കോഴിക്കോട്

കോഴിക്കോട് കാവിലുംപാറ കരിങ്ങാട് ജനവാസമേഖലയിൽ ഇറങ്ങിയ കാട്ടാനക്കുട്ടിയെ മയക്ക് വെടി വെക്കുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. വെറ്ററിനറി സർജന്മാർ സ്ഥലത്തെത്തി ആനയുടെ ആരോഗ്യസ്ഥിതി പരിശോധിക്കും. ആവശ്യമെങ്കിൽ കുങ്കിയാനകളെ എത്തിക്കുമെന്നും മന്ത്രി കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. ഇന്നലെ കാട്ടാനക്കുട്ടിയുടെ ആക്രമണത്തിൽ ഒരാൾക്ക് പരിക്കേറ്റിരുന്നു.

PRUTVPM

***************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

***************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124 -ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലും ഈ മാസം 25 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

**************************

## ലക്ഷദ്വീപ് - സാമൂഹികാഘാത പഠനം

PNUTVPM

ലക്ഷദ്വീപിലെ ബിത്രാ ദ്വീപ് സൈനിക ആവശ്യങ്ങൾക്ക് ഏറ്റടുക്കുന്നത് സംബന്ധിച്ച സാമൂഹികാഘാത പഠനം നടത്താൻ ലക്ഷദ്വീപ് ഭരണകൂടം ഉത്തരവിറക്കി. രണ്ട് മാസത്തിനുള്ളിൽ ഗ്രാമസഭകളിൽ ഉൾപ്പടെ വിശദമായ കൂടിയാലോചനകൾ നടത്താനാണ് തിരുമാനം. ലക്ഷദ്വീപിൽ ജനവാസമുള്ള എറ്റവും ചെറിയ ദ്വീപായ ബിത്രയുടെ ഏകദേശം 91,700 ചതുരശ്ര മീറ്റർ സ്ഥലമാണ് ഏറ്റെടുക്കുക. അതേസമയം, ഭൂമി ഏറ്റെടുക്കാനുള്ള ലക്ഷദ്വീപ് ഭരണകൂടത്തിന്റെ തീരുമാനത്തിനെതിരെ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുന്നതായി  MP ഹംദുള്ളാ സെയ്ദ് പറഞ്ഞു.

**************************

## മഴ

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ

കേന്ദ്രകാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 22 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

**************************

## വനിതാ ക്രിക്കറ്റ്

ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് ലോർഡ്സിൽ നടക്കും. വൈകിട്ട് 3:30 നാണു മത്സരം. പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്കായിരുന്നു ജയം.

**************************

## സ്വർണ്ണ വില

സ്വർണ്ണ വിലയിൽ വർധന. പവന് 160 രൂപ വർദ്ധിച്ച് 73,360 രൂപയും ഗ്രാമിന് 9,170 രൂപയുമാണ് ഇന്നത്തെ വില.

PNU TVPM

**************************

## പത്തനംതിട്ട എച്ച്1 എൻ1 ജാഗ്രത (ഇൻട്രോ)

പത്തനംതിട്ട ജില്ലയിൽ എച്ച്1 എൻ1 പനി പടരുന്ന പശ്ചാത്തലത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പ്. രോഗലക്ഷണങ്ങൾ തുടക്കത്തിലെ തിരിച്ചറിഞ്ഞ് കൃത്യസമയത്ത് ചികിത്സ തേടണമെന്നും ആരോഗ്യവിഭാഗം മുന്നറിയിപ്പു നൽകി.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...

(വോയിസ്)

**************************

## മന്ത്രി എം.ബി രാജേഷ്

തദ്ദേശ സ്വയം ഭരണ വകുപ്പിൽ സംസ്ഥാനതലത്തിൽ 433 എൻട്രി കേഡർ ഒഴിവുകൾ കൂടി ഒരാഴ്ചക്കകം പി എസ് സിക്ക് റിപ്പോർട്ട് ചെയ്യാൻ അടിയന്തിര നിർദേശം നൽകിയതായി മന്ത്രി എം.ബി രാജേഷ്. ഈ വർഷം ഇതുവരെ തദ്ദേശ സ്വയം ഭരണ വകുപ്പ് 1,068 ഒഴിവുകൾ റിപ്പോർട്ട് ചെയ്തതായി അദ്ദേഹം പറഞ്ഞു. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

RNU TVPM

**************************

## വാട്ട്സ് ആപ്പ് പണം തട്ടിപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടറായ ഷാനവാസ് എസിന്റെ പേരും, ഫോട്ടോയും ഉപയോഗിച്ച് പണം തട്ടിപ്പ് നടത്താൻ ശ്രമം. +84 77 997 0059 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് ബിസിനസ് അക്കൗണ്ട് വ്യാജമായി നിർമ്മിച്ച് പണം ആവശ്യപ്പെട്ട് കൊണ്ട് സന്ദേശങ്ങൾ അയച്ചതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ പോലീസ് മേധാവിക്കും, സൈബർ സെല്ലിനും പരാതി നൽകി.

*

************

**************************************